# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2701 — 12.03.2018 ലെ മറുപടിയ്ക്ക്

### എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര | **പ്രൊഫ. സി. രവീന്ദ്രനാഥ്** (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നിലവിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വിവിധ എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾക്ക് ആകർഷണീയത കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ; | (എ) നിലവിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വിവിധ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിലായി സീറ്റൊഴിവ് വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാശ്രയ മേഖലയിലെ കോളേജുകളിലാണ് ഇത് കണ്ടു വരുന്നത്. ഇതിന്റെ കാരണങ്ങളെ സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല. |
| (ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (ബി) അടിസ്ഥാന സൗകര്യ വികസനവും പ്രായോഗിക പരിശീലനത്തിനാവശ്യമായ ലാബുകളുടേയും വർക്ക്ഷോപ്പുകളുടേയും നവീകരണവും വഴി എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ വകുപ്പുതലത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അദ്ധ്യയന നിലവാരം മെച്ചപ്പെടുത്താനായി പരിശീലന പരിപാടികളും അദ്ധ്യാപകർക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യത കൈവരിക്കാൻ അവസരങ്ങളും നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സാങ്കേതിക വൈദഗ്ധ്യത്തോടൊപ്പം നൈപുണ്യ വികസനവും ഉണ്ടാക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. സ്വയം തൊഴിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ആധുനിക സാങ്കേതിക |

| | |
|---|---|
| | വിദ്യകളെ പരിചയപ്പെടുത്തുന്നതിനുള്ള പരിപാടികളും നടപ്പാക്കി വരുന്നു. ഇന്റേൺഷിപ്പുകൾ, വ്യവസായ രംഗത്തെ വിദഗ്ധരുമായുള്ള സംവാദം, സെമിനാറുകൾ, കൊളോക്വിയങ്ങൾ ഇവയും സംഘടിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ